## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 733** | **29.05.2019-ൽ മറുപടിക്ക്**

## ഗ്രീൻ കാർപ്പറ്റ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി.ജെ. ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. സി.എഫ്. തോമസ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ 2016 മുതൽ ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പാക്കി വരുന്നു. നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പു വരുത്തുവാൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "ഗ്രീൻ കാർപ്പറ്റ്". സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ കൈക്കൊണ്ടു വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിശ്രമ സങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ് ലറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" പദ്ധതിയിലൂടെയും, ഇടുക്കി |

ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കി വരുന്നുണ്ട്.

കൂടാതെ, കുടിവെള്ള ലഭ്യതയ്ക്കുള്ള നടപടികൾ ടൂറിസം വകുപ്പിന്റെ പരിഗണനയിലാണ്. മാലിന്യ നീക്കത്തിനുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. പ്രകാശ സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഈ ഡെസ്റ്റിനേഷനുകളിൽ ഏർപ്പെടുത്തി വരുന്നു.

| | | |
|---|---|---|
| ബി) | സംസ്ഥാനത്ത് എതെല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | ബി) 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 77 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഏതെല്ലാം ഏജൻസികളാണ് പങ്കാളികളാകുന്നതെന്ന് അറിയിക്കാമോ; ആയതിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ? | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Green Carpet | District& Destinations |
|---|---|
| **Thiruvananthapuram** | |
| 1 | Ponmudi |
| 2 | Kanakakkunu |
| 3 | Veli Tourist Village |
| 4 | Akkulam |
| 5 | Shankhumugham |
| 6 | Varkala |
| 7 | Kovalam |
| 8 | Kappil Backwaters |
| 9 | Neyyar |
| 10 | Aruvikkara |
| **Kollam** | |
| 11 | Ashramam (Adventure park, Children's park, Art's cafe) |
| 12 | Palaruvi |
| 13 | Thenmala |
| 14 | Kollam Beach |
| **Pathanamthitta** | |
| 15 | Aranmula |
| 16 | Perumthenaruvi |
| 17 | Konni |
| 18 | Adavi |
| **Alappuzha** | |
| 19 | Punnamada Finishing Point |
| 20 | Alappuzha Beach, Vijaya & Sea View Park |
| 21 | Thottappilly Spillway |
| 22 | Kayamkulam Boat Terminal |
| **Kottayam** | |
| 23 | Kumarakom |
| 24 | Kodimatha Park |
| **Idukki** | |
| 25 | Old Munnar Park |
| 26 | Ramakkalmedu |
| 27 | Vagamon |
| 28 | Thommankuthu Eco-Tourism |
| 29 | Mattupetty Dam |
| 30 | Hill View Park |
| 31 | Sree Narayanapuram |
| 32 | Thekkady |
| **Ernakulam** | |
| 33 | Bhoothathankettu |
| 34 | Cherai & Munambam |
| 35 | Ezhattumugham |
| 36 | Fort Kochi |
| 37 | Kuzhupilly |
| 38 | Malayattor & Manappaattu Chira |
| 39 | Marine Drive |
| 40 | Mattancherry |

| | |
|---|---|
| 41 | Muziris |
| | **Thrissur** |
| 42 | Snehatheeram Beach |
| 43 | Peechi Dam |
| 44 | Thumboormuzhi Dam and Butterfly Park |
| 45 | Vilangan Kunnu |
| 46 | Poomala |
| 47 | Vazhani dam |
| 48 | Athirappally |
| | **Palakkad** |
| 49 | Malampuzha |
| 50 | Kanjirapuzha |
| 51 | Velliam Kallu |
| | **Malappuram** |
| 52 | Kottakkunnu |
| 53 | Padinjarekkara beach |
| 54 | Karuvarakkundu |
| | **Kozhikode** |
| 55 | Sarovaram Biopark |
| 56 | Thusharagiri |
| 57 | Sargaalaya |
| 58 | Kappad Beach |
| 59 | Vadakara Sand Banks |
| | **Wayanad** |
| 60 | Kuruva Island |
| 61 | Edakkal Caves |
| 62 | Karlad |
| 63 | Pookode Lake |
| 64 | Kanthanpara Waterfalls |
| 65 | Priyadarshini Tea Estate |
| | **Kannur** |
| 66 | Puthiyangadi Choottad Beach |
| 67 | Vellikeel |
| 68 | Overburry's folly |
| 69 | Meenkunnu |
| 70 | Payyambalam |
| 71 | Dharmadam |
| 72 | Paithal Mala |
| 73 | Palakkayam |
| 74 | Chembilikundu |
| 75 | Pinarayi Padannakkara |
| | **Kasaragod** |
| 76 | Ranipuram |
| 77 | Bekal |